"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ അരിയിലിടക്കാട് റോഡ് നിർമ്മാണം, ആനക്കയം ഗ്രാമപഞ്ചായത്ത് മുടിക്കോട് പൂച്ചപ്പാറ റോഡ് നിർമ്മാണം, പട്ടികജാതി വിഭാഗങ്ങളുടെ സ്കില് ഡെവലപ്മെന്റ് പ്രോഗ്രാം, സിവില് സര്വീസ് പരീക്ഷ പരിശീലന പരിപാടിയായ ലക്ഷ്യ സ്കോളര്ഷിപ്പ് പദ്ധതി - ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവര്ഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.348/2026/SCSTD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. പട്ടികജാതി വികസന ഡയറക്ടറുടെ 25.02.2026 ലെ SCDD/5532/2025-P2 (PL) നമ്പര് പ്രൊപ്പോസല്.
2. പട്ടികജാതി വികസന ഡയറക്ടറുടെ SCDD/1435/2023-P2 (PL) നമ്പര് പ്രൊപ്പോസല്.
3. പട്ടികജാതി വികസന ഡയറക്ടറുടെ 25.02.2026 ലെ SCDD/880/2026-P1 (PL) നമ്പര് പ്രൊപ്പോസല്.
4. പട്ടികജാതി വികസന ഡയറക്ടറുടെ 25.02.2026 ലെ SCDD/648/2025A3 (EDN A) നമ്പര് പ്രൊപ്പോസല്.
5. 27.02.2026 ന് ചേര്ന്ന വകുപ്പുതല വര്ക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് വാഴയൂര് ഗ്രാമപഞ്ചായത്തിലെ അരിയിലിടക്കാട് പട്ടികജാതി നഗര് റോഡ് നിര്മ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് 1,17,60,000/- രൂപയുടെ പ്രൊപ്പോസല് പരാമര്ശം (1) പ്രകാരവും മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്തിലെ മുടിക്കോട് പൂച്ചപ്പാറ പട്ടികജാതി നഗര് റോഡ് നിര്മ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് 52,40,000/- രൂപയുടെ പ്രൊപ്പോസല് പരാമര്ശം (2) പ്രകാരവും പട്ടികജാതി വികസന വകുപ്പ് ഡയറക്ടര് ലഭ്യമാക്കിയിരുന്നു. രണ്ട് പദ്ധതികള്ക്കും കൂടി ആവശ്യമായ തുക 1,70,00,000/- (1,17,60,000/- + 52,40,000/-) (ഒരു കോടി എഴുപത് ലക്ഷം രൂപ മാത്രം) രൂപ 2225-01-800-57 കോര്പ്പസ് ഫണ്ട് (പ്ലാന്) ശീര്ഷകത്തില് നിന്നും കണ്ടെത്താവുന്നതാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടര് അറിയിച്ചിരിക്കുന്നു.

(2) പട്ടികജാതി വിഭാഗം യുവതി യുവാക്കള്ക്ക് Upskilling Program for Food Professional (45 days) പരിശീലന പരിപാടികള്ക്കായി ICAR- National Meat Research Institute സമര്പ്പിച്ച 9,20,000/- (ഒന്പത് ലക്ഷത്തി ഇരുപതിനായി രൂപ മാത്രം) രൂപയുടെ പ്രൊപ്പോസല് പട്ടികജാതി വികസന വകുപ്പ് ഡയറക്ടര് പരാമര്ശം (3) പ്രകാരം സമര്പ്പിച്ചിരുന്നു. ഇതിനാവശ്യമായി തുക 2225-01-102-96 Assistance for training, employment & Human Resource Development എന്ന

ശീർഷകത്തില് നിന്നും കണ്ടെത്താവുന്നതാണെന്ന് വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| Sl No | Item | Fees per candidate | Fees for 20 Candidates |
|---|---|---|---|
| 1 | Training Charges | 20000 | 400000 |
| 2 | Food & Accommodation | 10500 | 210000 |
| 3 | Miscellaneous Charges (Stationery,Guest Lecture ,IndustryVisit ,Local travel ) | 5000 | 100000 |
| 4 | Essential Requirement Training Charges (Outsourcing Agency) | 7500 | 150000 |
| 5 | Traveling Expense | 1500 | 30000 |
| 6 | Stipent | 1500 | 30000 |
| Total | | 46,000 | 9,20,000/- |

3) പട്ടികജാതി വിഭാഗത്തില്പ്പെട്ട വിദ്യാർത്ഥികളുടെ സിവില് സർവ്വീസ് പരീക്ഷ പരിശീലനം കൂടുതല് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവില് സർവീസ് എക്സാമിനേഷന് ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കുന്ന സമർത്ഥരായ 60 പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങള് വഴി പരിശീലനം നല്കുന്നതിന് വിഭാവനം ചെയ്തുകൊണ്ട് 'ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരില് ഒരു പദ്ധതി നടപ്പിലാക്കുന്നതിന് 1,71,50,000/- (ഒരു കോടി എഴുപത്തിയൊന്ന് ലക്ഷത്തി അന്പതിനായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസല് പരാമർശം (4) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ തുക 2225-01-102-96 (പ്ലാന്) ശീർഷകത്തില് നിന്നും കണ്ടെത്താവുന്നതാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(4) 27.02.2026 തീയതിയിൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ). മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് വാഴയൂർ ഗ്രാമപഞ്ചായത്തിലെ അരിയിലിടക്കാട് പട്ടികജാതി നഗർ റോഡ് നിർമ്മാണം, മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്തിലെ മുടിക്കോട് പൂച്ചപ്പാറ പട്ടികജാതി നഗർ റോഡ് നിർമ്മാണം എന്നീ പദ്ധതികള് നടപ്പിലാക്കുന്നതിന് ആവശ്യമായ തുക 1,70,00,000/- (1,17,60,000/- + 52,40,000/-) (ഒരു കോടി എഴുപത് ലക്ഷം രൂപ മാത്രം) രൂപ 2225-01-800-57 കോർപ്പസ് ഫണ്ട് (പ്ലാന്) ശീർഷകത്തില് നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ബി).പട്ടികജാതി വിഭാഗം യുവതി യുവാക്കള്ക്ക് Upskilling Program for Food Professional (45 days) പരിശീലന പരിപാടികള്ക്കായി ICAR- National Meat Research Institute സമർപ്പിച്ച 9,20,000/- (ഒന്പത് ലക്ഷത്തി ഇരുപതിനായി രൂപ മാത്രം) രൂപ 2225-01-102-96 Assistance for training, employment & Human Resource Development എന്ന ശീർഷകത്തില് നിന്നും മേൽ പ്രകാരം ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു,

സി.) സിവില് സര്വീസ് പരീക്ഷ പരിശീലനം നൽകുന്ന ലക്ഷ്യ സ്കോളര്ഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ 1,71,50,000/- (ഒരു കോടി എഴുപത്തിയൊന്ന് ലക്ഷത്തി അന്പതിനായിരം രൂപ മാത്രം) രൂപ 2225-01-102-96 (പ്ലാന്) ശീര്ഷകത്തില് നിന്നും ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിന് പ്രകാരം)

സിമി.എ.എസ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടര്, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിന്സിപ്പല് അക്കൗണ്ടന്റ് ജനറല് (എസ് ജി സെക്ടര്), (ഇ&ആര് സെക്ടര്)
കേരള,തിരുവനന്തപുരം.
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം , ആസൂത്രണ ബോര്ഡ് , തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പട്ടികജാതി പട്ടികവര്ഗ്ഗ വികസന (എ) വകുപ്പ് (2,3 ഖണ്ഡികയിന്മേല് സര്ക്കാര് ഉത്തരവ് പ്രകാരം തുടര് നടപടി സ്വീകരിക്കുന്നതിലേക്കായി)
ഇന്ഫര്മേഷന് ഓഫീസര്, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആര്ഡി, തിരുവനന്തപുരം.
കരുതല് ഫയല് /ഓഫീസ് കോപ്പി.

ഉത്തരവിന് പ്രകാരം

സെക്ഷന് ഓഫീസര്

പകര്പ്പ് -ബഹു.പട്ടികജാതി പട്ടികവര്ഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പട്ടികജാതി പട്ടികവര്ഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
പട്ടികജാതി പട്ടികവര്ഗ്ഗ വികസന വകുപ്പ് അഡീഷണല് സെക്രട്ടറിയുടെ സി.എയ്ക്ക്